LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷം സമാന കാലയളവിൽ ഈ ഇനത്തിൽ ലഭിച്ചത് 17936.78 കോടി രൂപയാണ്. മുൻവർഷത്തെ സമാന കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പുസാമ്പത്തിക വർഷം ഒക്ടോബർ മാസം അവസാനിക്കുമ്പോൾ സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസിൽ നിന്നും ലഭിച്ച വരുമാനത്തിൽ 10.56 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2014-15 സാമ്പത്തിക വർഷം സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ പ്രതീക്ഷിക്കുന്ന ആകെ വരുമാനത്തിന്റെ 40 ശതമാനം സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ ലഭിച്ചിട്ടുണ്ട്.

കാസർഗോഡ് ചെക്ക്പോസ്റ്റുകളിലെ അഴിമതി

132 (2370) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലേക്ക് കർണ്ണാടക അതിർത്തിയിലുള്ള ചെക്ക് പോസ്റ്റിലൂടെ കടന്നുവന്ന വാഹനങ്ങളിൽ എത്ര വാഹനങ്ങളിലെ ചരക്കുകൾക്കാണ്, നികുതി ഈടാക്കാത്തതിനാൽ ഇന്റലിജൻസ് വിഭാഗം പിടികൂടി നികുതി ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; നികുതി ഈടാക്കാതെ കടത്തിവിട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

ഈ സാമ്പത്തികവർഷം കാസർഗോഡ് ജില്ലയിലെ കർണ്ണാടക അതിർത്തിയിലുള്ള ചെക്ക്പോസ്റ്റിലൂടെ കടന്നുവന്ന രണ്ട് ചരക്കുവാഹനങ്ങളിൽ നിന്നായി 7.25 ലക്ഷം രൂപ ഇന്റലിജൻസ് വിഭാഗം പിടികൂടി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടന്നുവരുന്നു.

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിലെ തസ്തികകൾ

133 (2371) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ശിപാർശ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഡോക്ടർമാർ ഇല്ലാത്തതു കാരണം ഉച്ചയ്ക്കുശേഷം അടച്ചിടേണ്ടി വരുന്ന ഈ താലൂക്ക് ആശുപത്രിയിൽ തസ്തികകൾ അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ ?